2023
NOVEMBER
22
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## സുപ്രീംകോടതി സ്റ്റേ നിലനിൽക്കെ നികുതി പിരിക്കുന്നതിൽകേരളത്തിനും തമിഴ്നാടിനും സുപ്രീം കോടതിയുടെ വിമർശനം

**ന്യൂഡൽഹി:** സുപ്രീംകോടതി സ്റ്റേ നിലനിൽക്കെ അഖിലേന്ത്യ ടൂറിസ്റ്റ് പെർമിറ്റ് വാഹനങ്ങളിൽ നിന്നും അതിർത്തി നികുതി പിരിക്കുന്നതിൽ അതൃപ്തി പ്രകടമാക്കി സുപ്രീംകോടതി. കേരളവും തമിഴ്നാടും കോടതിയുടെ ഇടക്കാല ഉത്തരവ് പാലിക്കാതെ നികുതി പിരിക്കുന്നുവെന്ന് ബസ് ഉടമകൾ അറിയിച്ചതോടെയാണ് കോടതി അതൃപ്തി അറിയിച്ചത്.

പിന്നാലെ അഖിലേന്ത്യ ടൂറിസ്റ്റ് പെർമിറ്റ് വാഹനങ്ങളിൽ നിന്നും പ്രവേശന ഫീസ് ഈടാക്കില്ലെന്ന് കേരളവും തമിഴ്നാടും വ്യക്തമാക്കി. സംസ്ഥാന സർക്കാർ പ്രത്യേക പ്രവേശന നികുതി ഈടാക്കുന്നെന്നു ചൂണ്ടിക്കാട്ടി റോബിൻ ബസിൻറെ ഉൾപ്പടെ 94 ബസ് ഉടമകൾ നൽകിയ ഹർജിയിലാണ് കോടതി ഇടക്കാല സ്റ്റേ നൽകിയത്. പാതിരാത്രിയും, പുലർച്ചെയും പോലും വാഹനങ്ങൾ തടഞ്ഞു നിർത്തി നികുതി പിരിക്കുന്നുവെന്നും, യാത്രക്കാർക്ക് ഉൾപ്പടെ ഇതിൽ ബുദ്ധിമുട്ട് നേരിടുന്നുവെന്നും ഹർജിക്കാർ സുപ്രീംകോടതിയെ അറിയിച്ചു.

# നാഷണൽ ഹെറാൾഡ് കേസ്

# 751.9 കോടിയുടെ സ്വത്ത് കണ്ടുകെട്ടി ഇ.ഡി

**ന്യൂഡൽഹി:** നാഷനൽ ഹെറാൾഡ് കേസുമായി ബന്ധപ്പെട്ട് 751.9 കോടിയുടെ സ്വത്ത് കണ്ടുകെട്ടി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി). അസോഷ്യേറ്റ് ജേർണലിന്റെയും (എജെഎൽ) യങ് ഇന്ത്യന്റെയും സ്വത്തുക്കളാണ് കണ്ടുകെട്ടിയത്. ഡൽഹി, മുംബൈ, ലക്നൗ എന്നിവിടങ്ങളിലെ 661.69 കോടിയുടെ വസ്തുവകകളും എജെഎലിന്റെ 91.21 കോടി മൂല്യം വരുന്ന ഓഹരികളുമാണ് പിടിച്ചെടുത്തത്.

അതേസമയം, വരുന്ന സംസ്ഥാന തിരഞ്ഞെടുപ്പുകളിലെ പരാജയത്തിൽനിന്നു ശ്രദ്ധതിരിക്കാനുള്ള കേന്ദ്ര നീക്കമാണിതെന്ന് കോൺഗ്രസ് പ്രതികരിച്ചു. ”ബിജെപിയുടെ സഖ്യകക്ഷികളായ സിബിഐ, ഇഡി, ആദായനികുതി വിഭാഗം തുടങ്ങിയവർ എന്തൊക്കെ ചെയ്താലും പരാജയത്തെ തടുക്കാനാകില്ല. ഇത്തരം പ്രതികാര പ്രവർത്തികൾ കോൺഗ്രസിനെ ഭയപ്പെടുത്തില്ല” കോൺഗ്രസ് നേതാവ് അഭിഷേക് സിങ്‌വി പറഞ്ഞു.



സോണിയയും രാഹുലും പ്രതികളായ നാഷണൽ ഹെറാൾഡ് കേസിലാണ് നടപടി. സോണിയ, രാഹുൽ എന്നിവർക്ക് ഓഹരി പങ്കാളിത്തമുള്ള യങ് ഇന്ത്യൻ കമ്പനി ദിനപത്രം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടാണ് ഇഡി പരിശോധിച്ചത്.

കേസിൽ ഇരുവരെയും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയെയും ഇഡി ചോദ്യം ചെയ്തിരുന്നു.

## പാക്കിസ്ഥാൻ 4ലക്ഷം അഫ്ഗാനികളെ നാടുകടത്തി

**ഇസ്ലാമാബാദ്:** കുടിയേറ്റ നിയമം കർശനമാക്കിയതോടെ അഫ്ഗാനിസ്ഥാനിലേക്കു പലായനം ചെയ്തത് 4 ലക്ഷത്തിലധികം അഫ്ഗാനികളെന്നു പാക് അധികൃതർ. കൃത്യമായ രേഖകളില്ലാതെ അനധികൃതമായി കുടിയേറിവരാണ് ടോർഖാം, സ്പിൻ ബോൾഡാക്ക് അതിർത്തികൾ വഴി അഫ്ഗാനിസ്ഥാനിലേക്ക് തിരികെ പോയത്. ഇക്കാര്യം അഫ്ഗാനിസ്ഥാനിലെ താലിബാൻ വക്താവ് സബിഹുള്ള മുജാഹിദ് സ്ഥിരീകരിച്ചു.

പാക്കിസ്ഥാനിൽ കുടിയേറ്റക്കാരെ ഒഴിപ്പിക്കുന്നതായി കഴിഞ്ഞമാസമാണ് അധികൃതർ പ്രഖ്യാപിച്ചത്. ഒക്റ്റോബർ 31നകം രാജ്യം വിടണമെന്നും, ഇല്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കുമെന്നുമായിരുന്നു മുന്നറിയിപ്പ്. ഈ നിയമം ഏറ്റവും കൂടുതൽ ബാധിച്ചത് അഫ്ഗാനികളെയാണ്. പതിനേഴ് ലക്ഷത്തിലധികം അഫ്ഗാൻ കുടിയേറ്റക്കാർ പാക്കിസ്ഥാനിൽ ഉണ്ടെന്നായിരുന്നു കണക്കുകൾ. അനധികൃതമായി രാജ്യത്തു വസിക്കുന്നവരെ കണ്ടെത്താൻ വ്യാപക പരിശോധനകളും പാക്കിസ്ഥാൻ ആരംഭിച്ചിരുന്നു. ഇതേത്തുടർന്ന് അഫ്ഗാനിസ്ഥാനിലേക്കു തിരികെ പോകാൻ നിരവധി പേർ തയാറായി.

## മലയാളികളുടെ ഗൾഫ് കുടിയേറ്റം കുറയുന്നു

**കൊച്ചി:** ഗൾഫിലേക്കുള്ള മലയാളികളുടെ കുടിയേറ്റത്തിൽ ഗണ്യമായ കുറവ് ദൃശ്യമാകുന്നു. മലയാളികൾ യൂറോപ്പിലേക്കും അമെരിക്കയിലേക്കും ക്യാനഡയിലേക്കും അഭിവൃദ്ധി തേടി പോകുമ്പോൾ ഉത്തർപ്രദേശ്, ബീഹാർ എന്നിവിടങ്ങളിൽ നിന്നുള്ള തൊഴിലാളികൾ യുഎഇയിലെ തൊഴിൽ മേഖലയിൽ ഉയരുകയാണെന്ന് പുതിയ പഠന റിപ്പോർട്ടിൽ പറയുന്നു.

ഉയർന്ന ശമ്പളവും മികച്ച തൊഴിൽ സാഹചര്യങ്ങളും ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റത്തിൻറെ സ്വഭാവത്തിൽ മാറ്റം വരുത്തുകയാണെന്ന് യുഎഇ ആസ്ഥാനമായ ഹൻറർ എന്ന സർക്കാരിതര ഏജൻസി നടത്തിയ സർവെ വ്യക്തമാക്കി. യുഎഇയിൽ എത്തുന്ന മറുനാടൻ തൊഴിലാളികളെയും വിദേശ സംരംഭകരെയും മറ്റ് വിഭാഗങ്ങളെയും ഉൾപ്പെടുത്തി കുടിയേറ്റ രംഗത്തെ പുതിയ ട്രെൻഡുകളും മാറുന്ന ഭൂമിശാസ്ത്രപരമായ വ്യതിയാനങ്ങളും വിശദമായി പരിശോധിക്കുന്ന സർവെ ഒരു ലക്ഷം പേരെ ഉൾപ്പെടുത്തിയാണ് പൂർത്തിയാക്കിയത്.

സർവെ ഫലം അനുസരിച്ച് ഏകദേശം 21 ലക്ഷം ഇന്ത്യക്കാരാണ് യുഎഇയിൽ തൊഴിൽ ചെയ്യുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനിടെ കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരിൽ 80 ശതമാനത്തിലധികം കുറവുണ്ടായി. കേരളത്തിൽ നിന്നുള്ള അവിദഗ്ധ തൊഴിലാളികളുടെ വിടവ് പ്രധാനമായും നികത്തുന്നത് ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ളവരാണെന്നും റിപ്പോർട്ടിൽ പറയുന്നു. ഗൾഫ് മേഖലയിൽ സൗദി അറേബ്യ, യുഎഇ, ഖത്തർ, കുവൈറ്റ്, ഒമാൻ എന്നിവിടങ്ങളിലേക്കാണ് ഇന്ത്യയിൽ നിന്നുള്ള തൊഴിലാളികളുടെ വരവ് കുത്തനെ കൂടുന്നത്. 20 മുതൽ 40 വയസ് വരെ പ്രായമുള്ളവരാണ് ബ്ലൂ കോളർ തൊഴിലുകൾ തേടി വലിയ തോതിൽ ഗൾഫ് രാജ്യങ്ങളിൽ എത്തുന്നത്.






# ആസ്റ്റർ ന്യൂട്രിക്കോൺ 2023 സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ ആസ്റ്റർ ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് വിഭാഗത്തിന്റെയും ഇന്ത്യൻ അസോസിയേഷൻ ഫോർ പാരന്ററൽ ആന്റ് എന്ററൽ ന്യൂട്രീഷന്റെ (ഐ.എ.പി.ഇ.എൻ) ജി.ഐ കോർ ഗ്രൂപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ആസ്റ്റർ ന്യൂട്രിക്കോൺ 2023 സംഘടിപ്പിച്ചു. കൊച്ചി ആബാദ് പ്ലാസയിൽ നടന്ന സമ്മേളനം ഉദ്ഘാടനം ആസ്റ്റർ മെഡ്സിറ്റിയിലെ മെഡിക്കൽ അഫയേഴ്സ് വിഭാഗം ഡയറക്ടർ ഡോ. ടി.ആർ ജോൺ നിർവഹിച്ചു.

മെഡിക്കൽ, ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ തകരാറുകളും പോഷകാഹാര ഭക്ഷണക്രമവും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള പുതിയ പഠനങ്ങൾ എന്ന വിഷയത്തിലായിരുന്നു ആസ്റ്റർ ന്യൂട്രിക്കോൺ സംഘടിപ്പിച്ചത്.

നവംബർ 17, 18 തീയതികളിൽ നടന്ന ആസ്റ്റർ ന്യൂട്രിക്കോണിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഡോക്ടർമാർ, നഴ്സുമാർ, ഡയറ്റീഷ്യന്മാർ തുടങ്ങി 200ഓളം പ്രതിനിധികൾ പങ്കെടുത്തു. ന്യൂട്രീഷൻ മാനേജ്മെന്റുമായി ബന്ധപ്പെട്ട വിവിധ ക്ലാസുകൾക്ക് പ്രമുഖർ നേതൃത്വം നൽകി.

ആസ്റ്റർ ന്യൂട്രിക്കോണിന്റെ ഉദ്ഘാടന ചടങ്ങിൽ ആസ്റ്റർ മെഡ്സിറ്റിയിലെ മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. ഇസ്മായിൽ സിയാദ്, ഡോ. ജി.എൻ രമേഷ്, ബെംഗളൂരു ആസ്റ്റർ സി.എം.ഐ ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് ഡോ. നരേഷ് ബട്ട്, ഐ.എ.പി.ഇ.എൻ പ്രസിഡൻറ് ഡോ. പി.സി വിനയകുമാർ, ജി.ഐ. കോർ ഗ്രൂപ്പ് ചെയർപേഴ്സൻ ഡോ. ബിജു പൊറ്റക്കാട്ട്, കൊച്ചി ആസ്റ്റർ മെഡ്സിറ്റി ഓപ്പറേഷൻസ് വിഭാഗം ചീഫ് ഹെഡ് ധന്യ ശ്യാമളൻ, ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് വിഭാഗം മേധാവി സൂസൻ ഇട്ടി, ഐ.എ.പി.ഇ.എൻ) ജി.ഐ കോർ ഗ്രൂപ്പ് വൈസ് പ്രസിഡന്റും ടാറ്റാ മെമ്മോറിയൽ ആശുപത്രിയിലെ ക്ലിനിക്കിൽ ഡയറ്റീഷ്യനുമായ ശിവശങ്കർ തുടങ്ങിയവർ പങ്കെടുത്തു.

# ആമസോണിന്റെ ദി ബ്യൂട്ടി സെയിൽ മൂന്നാം എഡിഷൻ 24 മുതൽ

**കൊച്ചി:** ആമസോൺ ദി ബ്യൂട്ടി സെയിൽ മൂന്നാം എഡിഷൻ നവംബർ 24 മുതൽ 26 വരെ നടക്കും. ആമസോൺ ബ്യൂട്ടിയിൽ ലോറിയൽ പ്രൊഫഷണലുമായി സഹകരിച്ച് മെയ്ബെലിൻ അവതരിപ്പിക്കുന്ന ശൈത്യകാല, ഉത്സവ സീസൺ എഡിഷനിൽ സൗന്ദര്യ വർധക ഉൽപന്നങ്ങൾക്ക് 60% വരെ ഇളവ് ലഭിക്കും. മോയിസ്!ചറൈസറുകൾ, സെറം, ഫേസ് ആൻഡ് ബോഡി ഓയിലുകൾ, ശീത

കാലാവസ്ഥയുടെ പ്രത്യാഘാതങ്ങളെ ചെറുക്കുന്ന സ്!കിൻ ആൻഡ് ഹെയർ മാസ്കുകൾ, മറ്റുപകരണങ്ങൾ  എന്നിവ വിപുലമായ ശ്രേണിയിൽ നിന്ന് തെരഞ്ഞെടുക്കാനാകും. ഓരോ പർച്ചേസിനും ആകർഷക ഡീലുകളും സൗജന്യ സമ്മാനങ്ങളും ലഭിക്കുമെന്ന് ആമസോൺ ഇന്ത്യ ബ്യൂട്ടി, പേഴ്സണൽ കെയർ ആൻഡ് ലക്ഷുറി ബ്യൂട്ടി ഡയറക്ടർ സേബ ഖാൻ പറഞ്ഞു. സൗന്ദര്യ പരിചരണത്തിൽ ഏകജാലക ഷോപ്പ് എന്ന നിലയ്ക്കാണ് ദി ബ്യൂട്ടി സെയിൽ മൂന്നാം എഡിഷൻ. ദി  ബ്യൂട്ടി സെയിലിന്റെ മുൻ എഡിഷനുകൾക്കു ലഭിച്ച മികച്ച പ്രതികരണങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ എഡിഷൻ ആരംഭിക്കുന്നത്.ഉപഭോക്താവിന്റെ സൗകര്യവും സാമ്പത്തിക ലാഭവും ഉറപ്പാക്കുന്ന ഉൽപന്നങ്ങൾ തെരഞ്ഞെടുക്കാനാകുമെന്നും അവർ പറഞ്ഞു.

# പുതിയ ഫണ്ടുമായി ഡിഎസ്പി മുചൽ ഫണ്ട്

**കൊച്ചി:** അസറ്റ് മാനേജ്മെന്റ് കമ്പനിയായ ഡിഎസ്പി മുചൽ ഫണ്ട് പുതിയ ബാങ്കിങ് ആന്റ് ഫിനാൻസ് സർവീസസ് ഫണ്ട് (ഡിഎസ്പി ബിഎഫ്എസ്എഫ്) അവതരിപ്പിച്ചു. ഓഹരി വിപണിയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന, ദീർഘകാല ലാഭ സാധ്യതയുള്ള പ്രമുഖ ബാങ്കുകളുടേയും മുൻനിര ധനകാര്യ സേവന സ്ഥാപനങ്ങളുടേയും ഓഹരികളിൽ നിക്ഷേപിക്കുന്ന ഫണ്ടാണിത്. ഡിസംബർ നാലു വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാം. ഹൗസിങ് ഫിനാൻസ് കമ്പനികൾ, ലൈഫ് ഇൻഷുറൻസ്, എഎംസി തുടങ്ങിയ ബാങ്കിതര ധനകാര്യ കമ്പനികളുടെ സ്റ്റോക്കുകൾ കൂടി ഉൾപ്പെടുന്നതാണ് ഈ ഫണ്ട്. ഓഹരി വിപണിയിൽ കഴിഞ്ഞ 15 വർഷത്തിനിടെ മികച്ച വളർച്ച കൈവരിച്ച ഓഹരികളാണിവ.  ഈ ഫണ്ടിന്റെ 80 ശതമാനം മുതൽ 100 വരെ നിക്ഷേപം ബാങ്കിങ് ആന്റ് ഫിനാൻസ് മേഖലയിലെ ഓഹരികളിലായിരിക്കും. 20 ശതമാനം വരെ മറ്റു കമ്പനികളുടെ ഓഹരികളിലും മറ്റുമായി നിക്ഷേപിക്കും.

# ഏഥർ എനർജി ആലുവയിൽ എക്സ്പീരിയൻസ് സെന്റർ തുറന്നു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് സ്കൂട്ടർ നിർമ്മാതാക്കളായ ഏഥർ എനർജി ആലുവയിൽ തങ്ങളുടെ ഏറ്റവും പുതിയ എക്സ്പീരിയൻസ് സെന്റർ തുറന്നു. കനിയുടെ എറണാകുളത്തെ രണ്ടാമത്തെയും സംസ്ഥാനത്ത് 14ാമത്തെയും ഔട്ട്ലെറ്റാണ്. ഓട്ടോസ്റ്റാർക്ക് എനർജിയുമായി സഹകരിച്ച് ആരംഭിച്ച

എക്സ്പീരിയൻസ് സെന്റർ വാഹനം വാങ്ങാൻ താൽപര്യപ്പെടുന്നവർക്ക് ടെസ്റ്റ് റൈഡുകൾക്കും പർച്ചേസുകൾക്കുമുള്ള അവസരങ്ങളും പ്രദാനം ചെയ്യുന്നുവെന്ന് ഏഥർ എനർജി സി.ടി.ഒ.യും സഹസ്ഥാപകനുമായ സ്വപ്നിൽ ജെയിൻ, പറഞ്ഞു.

തടസ്സങ്ങളില്ലാത്ത അനുഭവം ഉറപ്പാക്കാൻ, എക്സ്പീരിയൻസ് സെൻറർ സന്ദർശിക്കുന്നതിന് മുമ്പ് ഏഥർ എനർജിയുടെ വെബ്സൈറ്റ് വഴി ടെസ്റ്റ് റൈഡ് അപ്പോയിന്റ്മെന്റുകൾ സൗകര്യപ്രദമായി ഷെഡ്യൂൾ ചെയ്യാവുന്നതാണെന്നും സ്വപ്നിൽ ജെയിൻ, പറഞ്ഞു.ഐ.ഡി.എഫ്.സി. ഫസ്റ്റ്, ബജാജ് ഫിനാൻസ്, ഹീറോ ഫിൻകോർപ് തുടങ്ങിയ പ്രമുഖ ബാങ്കുകളുമായും ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികളുമായും ഏഥർ എനർജി പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്, വൈദ്യുത ഇരുചക്രവാഹനങ്ങൾക്ക് പ്രത്യേകമായി 60 മാസ കാലാവധിയുള്ള പ്രത്യേക വായ്പ വാഗ്ദാനം ചെയ്യുന്നു. ഈ ദീർഘിപ്പിച്ച പഞ്ചവത്സര വാഹന വായ്പാ പ്ലാൻ വളരെ താങ്ങാനാവുന്ന പ്രതിമാസ തവണകൾ അവതരിപ്പിക്കുന്നു, ഇ.എം.ഐ.കൾ 2,999 രൂപയിൽ താഴെയാണ്, ഇത് ഇന്ത്യയിലുടനീളമുള്ള ഏഥർ വൈദ്യുത ഇരുചക്രവാഹന വാങ്ങുന്നവർക്ക് ആകർഷകമായ സാമ്പത്തിക പരിഹാരമാക്കി മാറ്റുന്നു.

കൂടാതെ, വില കൂടുതൽ താങ്ങാനാവുന്നതാക്കുന്നതിന്, 5.99% പലിശ നിരക്കിൽ 24 മാസ കാലവധിയുള്ള പ്രത്യേക ഇ.എം.ഐ. സ്കീം ആതർ അവതരിപ്പിക്കുന്നു, ഇതിലൂടെ ഉപഭോക്താക്കൾക്ക്. പലിശയിനത്തിൽ 12,000 രൂപ വരെ ലാഭിക്കാൻ കഴിയും. സീറോ ഡൗൺ പേയ്മെന്റ്, 60മാസ ഇ.എം.ഐ. കാലാവധികൾ എന്നിവ പോലുള്ള മറ്റ് ഫിനാൻസിംഗ് സ്കീമുകൾ ഉള്ളതിനാൽ, ഏഥർ 450ത, 450S എന്നിവ വാങ്ങുന്നത് താൽപ്പര്യമുള്ളവർക്ക് അത് കൂടുതൽ താങ്ങാനാവുന്നതായി മാറുന്നു.





# പാൻക്രിയാറ്റിക് കാൻസർ നിശബ്ദ കൊലയാളി



**ഡോ. ശ്രീലേഷ് കെ.പി**
(മെഡിക്കൽ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ആസ്റ്റർ മിംസ് കോഴിക്കോട്)

താരതമ്യേന അപൂർവമായി കണ്ടുവരുന്നതും എന്നാൽ ഏറെ ഗുരുതരവുമായ കാൻസർ രോഗങ്ങളിൽ ഒന്നാണ് പാൻക്രിയാറ്റിക് കാൻസർ. രോഗ നിർണയവും ചികിത്സയും സങ്കീർണമായതിനാൽ രോഗിക്ക് വളരെ അസഹ്യമായ വേദന അനുഭവിക്കേണ്ടി വന്നേക്കാം. ഇൻസുലിൻ ഉൾപ്പെടെ മനുഷ്യ ശരീരത്തിന് ഏറെ അത്യാവശ്യമായ ഒരു കൂട്ടം ഹോർമോണുകളെ ഉല്പാദിപ്പിക്കുന്ന പ്രധാനപ്പെട്ട ഗ്രന്ഥികളിൽ ഒന്നാണ് പാൻക്രിയാസ് അഥവാ ആഗ്നേയ ഗ്രന്ഥി. പാൻക്രിയാസിൽ അനിയന്ത്രിതമായി കാൻസർ രോഗങ്ങൾ പെരുകുകയും ട്യൂമറായി രൂപപ്പെടുകയും ചെയ്യുന്നതാണ് രോഗത്തിന് വഴിവെക്കുന്നത്.

2020ലെ ഗ്ലോബ്ലോക്കോൺ റിപ്പോർട്ട് പ്രകാരം പുതുതായി കാൻസർ ബാധിക്കുന്നവരുടെ എണ്ണത്തിൽ 13ആം സ്ഥാനത്താണ് പാൻക്രിയാറ്റിക് കാൻസർ. രോഗം മൂലം മരിക്കുന്നവരുടെ എണ്ണത്തിൽ ഏഴാമതും.

**പാൻക്രിയാറ്റിക് കാൻസർ എന്ന നിശബ്ദ കൊലയാളി!**

മരണ നിരക്ക് ഏറ്റവും കൂടുതലുള്ള അർബുദ രോഗങ്ങളിലൊന്നാണ് പാൻക്രിയാറ്റിക് കാൻസർ. അതേസമയം നിശബ്ദ കൊലയാളി എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഒരു രോഗം കൂടിയാണിത്. പലപ്പോഴും രോഗ നിർണയം നടത്തുന്നത് അവസാന ഘട്ടങ്ങളിലേക്ക് കടക്കുമ്പോഴാണ്. ഇതാണ് നിശബ്ദ കൊലയാളി എന്ന് വിശേഷിപ്പിക്കാൻ കാരണം. ആദ്യ ഘട്ടങ്ങളിൽ ലക്ഷണങ്ങൾ കാണിക്കണമെന്നില്ല. പലപ്പോഴും അസഹ്യമായ വയർ വേദനയെ തുടർന്ന് ചികിത്സ തേടുമ്പോഴായിരിക്കും രോഗ നിർണയം നടക്കുന്നത്. ചെറുതും വലുതുമായ ഞരമ്പുകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന അവയവമായതിനാൽ പാൻക്രിയാസിലുണ്ടാകുന്ന കുഞ്ഞു ട്യൂമറുകൾ പോലും ശക്തമായ വേദനയുണ്ടാക്കുന്നതാണ്. അനിയന്ത്രിതമായി ശരീര ഭാരം കുറയുന്നതും വിശപ്പില്ലായ്മയുമാണ് മറ്റു പ്രധാന ലക്ഷണങ്ങൾ. ആരെ വേണമെങ്കിലും ബാധിക്കാമെങ്കിലും പുകവലിക്കാരിലും സ്ഥിരമായി മദ്യപിക്കുന്നവരിലും രോഗ സാധ്യത വളരെ കൂടുതലാണ്.

**പുകവലിക്കുന്നവർ ജാഗ്രത!**

മിക്ക കാൻസർ രോഗങ്ങളിലും കണ്ടുവരുന്നത് പോലെ രോഗ സാധ്യത വർധിപ്പിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് പുകവലി. പുകവലിക്കാത്തവരെ അപേക്ഷിച്ച് പുകവലിക്കാരിൽ പാൻക്രിയാറ്റിക് കാൻസറിനുള്ള സാധ്യത പലമടങ്ങ് കൂടുതലാണ്.സിഗരറ്റ്, ബീഡി, ചുരുട്ട്, മുറുക്കാൻ ഉൾപ്പെടെ പുകയിലയുടെ ഉപയോഗം വഴി ഏറെ ഹാനികരമായ നിരവധി രാസവസ്തുക്കളാണ് ശരീരത്തിലേക്ക് എത്തുന്നത്. ഇവയിൽ പലതും ഡി.എൻ.എയെ തകരാറിലാക്കുന്നത്ര അപകടകാരികളാണ്. ഇത് ശരീര വളർച്ചക്ക് ഏറ്റവും അത്യാവശ്യമായ കോശവിഭജനത്തെ പ്രതികൂലമായി ബാധിക്കുന്നു. കോശവിഭജനം അനിയന്ത്രിതമായ വർധിക്കുന്നത് കാൻസറിന് കാരണമാകും. പാൻക്രിയാസിന് പുറമേ വായ, തൊണ്ട, ശ്വാസകോശം, അന്നനാളം, മൂത്രസഞ്ചി തുടങ്ങി മിക്ക ആന്തരികാവയവങ്ങളിലും പുകയിലയുടെ ഉപയോഗം മൂലം കാൻസർ സാധ്യത കൂടുതലാണ്.പുകയിലക്ക് പുറമേ അമിതമായ മദ്യപാനവും പാൻക്രിയാറ്റിക് കാൻസറിന് കാരണമാകുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. പാൻക്രിയാസിലുണ്ടാകുന്ന നീർക്കെട്ട്, കല്ലുകൾ, ജനിതക പാരമ്പര്യം തുടങ്ങിയവും പാൻക്രിയാസ് കാൻസറിന് കാരണമാകുന്നുണ്ട്.

**ഈ ലക്ഷണങ്ങൾ അവഗണിക്കല്ലേ..!**

**അസഹ്യമായ വയർ വേദന**

പാൻക്രിയാറ്റിക് കാൻസറിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണങ്ങളിലൊന്നാണ് അസഹനീയമായ വയർ വേദന. നെഞ്ചിന് താഴെ പൊക്കിളിന് മുകളിൽ വരുന്ന ഭാഗത്തിൽ ഒരു അസ്വസ്ഥത തോന്നുകയും വേദന പിന്നിലേക്ക് വ്യാപിക്കുകയും ചെയ്യുന്നത് പാൻക്രിയാറ്റിക് കാൻസറിന്റെ ലക്ഷണങ്ങളിലൊന്നാണ്.

**വിശപ്പില്ലായ്മയും അനിയന്ത്രിതമായ ഭാരക്കുറവും**

വ്യക്തമായ കാരണമില്ലാതെ പെട്ടെന്ന് ശരീരഭാരം കുറയുന്നത് കുറയുന്നതും അതുപോലെ തന്നെ വിശപ്പില്ലായ്മയും കാൻസറിന്റെ ലക്ഷണമാകാൻ സാധ്യതയുണ്ട്.

**നടുവേദന**

പാൻക്രിയാറ്റിക് കാൻസറിന്റെ പ്രധാനലക്ഷണങ്ങളിലൊന്നാണ് നടുവേദന. കാൻസർ സമീപത്തുള്ള ഞരമ്പുകളിലേക്ക് വ്യാപിക്കുമ്പോഴാണ് നടുവേദന വരുന്നത്.

**പ്രമേഹം**

പെട്ടെന്നുണ്ടാകുന്ന പ്രമേഹം. നിലവിൽ പ്രമേഹം ഉള്ളവരിൽ പെട്ടെന്ന് അനിയന്ത്രിതമായി വർദ്ധിക്കുകയും ഇൻസുലിൻ കുത്തിവച്ചാൽ പോലും കുറയാത്ത സ്ഥിതി ഉണ്ടാവുകയും ചെയ്യുന്നതും ലക്ഷണമാണ്.

**മഞ്ഞപ്പിത്തം, ചർമ്മത്തിലെ ചൊറിച്ചിൽ**

ചർമ്മത്തിലുണ്ടാകുന്ന ചൊറിച്ചിലും മഞ്ഞപ്പിത്തവും പാൻക്രിയാറ്റിക് കാൻസറിന്റെ ലക്ഷണമാകാൻ സാധ്യതയുണ്ട്. പിത്തക്കുഴലിലുണ്ടാകുന്ന തടസത്തെ തുടർന്നാണ് മഞ്ഞപ്പിത്തം ബാധിക്കുന്നത്

**ഓക്കാനം , ഛർദി, ദഹനപ്രശ്നങ്ങൾ**

ഭക്ഷണം കഴിച്ചയുടൻ ഓക്കാനവും ഛർദിയും അനുഭവപ്പെടുന്നത് ശരീരത്തിൽ ട്യൂമർ വളരുന്നതിന്റെ ലക്ഷണമാണ്. ദഹനക്കേട്, ക്ഷീണം, ബലഹീനത തുടങ്ങിയ ബുദ്ധിമുട്ടുകളും കാൻസർ ലക്ഷണമാകാം.

**വിദഗ്ദരായ ഡോക്ടർമാരുടെ ചികിത്സ തേടാം**

മിക്ക അർബുദ രോഗങ്ങളെയും അപേക്ഷിച്ച് രോഗ നിർണയവും ചികിത്സയും സങ്കീർണ്ണമാണ്. സി.ടി സ്കാൻ വഴിയാണ് പ്രധാനമായും രോഗനിർണയം നടത്തുന്നത്. തുടർന്ന് എൻഡോസ്കോപ്പി വഴി സാമ്പിളുകൾ ശേഖരിച്ച് ബയോപ്സി പരിശോധന നടത്തും. അതേസമയം രോഗം സ്ഥിരീകരിക്കുന്നത് പലപ്പോഴും അവസാന ഘട്ടങ്ങളിലേക്ക് എത്തുമ്പോഴാണ്. അത് കൊണ്ട് തന്നെ കീമോതെറാപി കൊണ്ടോ റേഡിയേഷൻ ചികിത്സ കൊണ്ടോ സുഖപ്പെടുത്താൻ കഴിയില്ല. ശസ്ത്രക്രിയയാണ് ഏകമാർഗ്ഗം. രോഗം ബാധിച്ച ഭാഗം ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യേണ്ടി വരും. അതിസങ്കീർണമായ ശസ്ത്രക്രിയയാണ് ഇതിന് വേണ്ടി വരുന്നത്. അതുകൊണ്ടുതന്നെ ഏറ്റവും വിദഗ്ധനായ സർജനെ കണ്ട് ചികിത്സ തേടേണ്ടത് അത്യാവശ്യമാണ്. രോഗം മൂർച്ഛിച്ച് ശസ്ത്രക്രിയ കൊണ്ട് ഫലം ലഭിക്കാത്തവരിൽ കീമോതെറാപ്പി ചെയ്യുന്നത് ആയുസ് നീട്ടാൻ സഹായിക്കും.

**ഏറെ ഗുരുതരവുമായ കാൻസർ രോഗങ്ങളിൽ ഒന്നാണ് പാൻക്രിയാറ്റിക് കാൻസർ. രോഗ നിർണയവും ചികിത്സയും സങ്കീർണമായതിനാൽ രോഗിക്ക് വളരെ അസഹ്യമായ വേദന അനുഭവിക്കേണ്ടി വന്നേക്കാം. ഇൻസുലിൻ ഉൾപ്പെടെ മനുഷ്യ ശരീരത്തിന് ഏറെ അത്യാവശ്യമായ ഒരു കൂട്ടം ഹോർമോണുകളെ ഉല്പാദിപ്പിക്കുന്ന പ്രധാനപ്പെട്ട ഗ്രന്ഥികളിൽ ഒന്നാണ് പാൻക്രിയാസ് അഥവാ ആഗ്നേയ ഗ്രന്ഥി. പാൻക്രിയാസിൽ അനിയന്ത്രിതമായി കാൻസർ രോഗങ്ങൾ പെരുകുകയും ട്യൂമറായി രൂപപ്പെടുകയും ചെയ്യുന്നതാണ് രോഗത്തിന് വഴിവെക്കുന്നത്.**




# തിരുവനന്തപുരത്ത് നിന്ന് ക്വാലാലംപൂരിലേക്ക് വിമാന സർവ്വീസുമായി എയർഏഷ്യ

കൊച്ചി: തിരുവനന്തപുരത്ത് നിന്ന് മലേഷ്യയിലെ ക്വാലാലംപൂരിലേക്കുള്ള പുതിയ വിമാന സർവ്വീസുമായി എയർഏഷ്യ.കേരളത്തിൽ നിന്നുള്ള എയർലൈനിന്റെ രണ്ടാമത്തെ നേരിട്ടുള്ള റൂട്ടാണിത്. പുതിയ റൂട്ട് 2024 ഫെബ്രുവരി 21 ന് ആരംഭിക്കും. ആഴ്ചയിൽ നാല് തവണയാകും സർവീസ് ഉണ്ടാവുക. 2024 ഒക്ടോബർ 26 വരെ തിരുവനന്തപുരത്ത് നിന്ന് ക്വാലാലംപൂരിലേക്ക് ആൾ ഇൻ വൺവേയിൽ 4,999 രൂപ മുതൽ എയർഏഷ്യ നിരക്കുകൾ വാഗ്ദാനം ചെയ്യുന്നു. 2024 ഫെബ്രുവരി 21 മുതൽ 2025 മാർച്ച് 19 വരെയുള്ള യാത്രകൾക്ക് സൗജന്യ 20 കിലോ ചെക്ക്ഇൻ ബാഗേജ് ഉൾപ്പെടെയാണ് ഈ നിരക്കുകൾ. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി എയർ ഏഷ്യ സൂപ്പർ ആപ്പ് അല്ലെങ്കിൽ വെബ്സൈറ്റ് സന്ദർശിക്കുക.

നിലവിൽ കൊച്ചിയിൽ നിന്ന് ക്വാലാലംപൂരിലേക്ക് ആഴ്ചയിൽ 12 സർവീസുകളാണുള്ളത്. ദക്ഷിണേന്ത്യൻ നഗരങ്ങളിൽ നിന്ന് എയർഏഷ്യ മലേഷ്യ (എകെ) ചെന്നൈ, തിരുച്ചിറപ്പള്ളി, ഹൈദരാബാദ്, കൊച്ചി, ബെംഗളൂരു, കൊൽക്കത്ത വഴി 6 നേരിട്ടുള്ള റൂട്ടുകളും വടക്കേ ഇന്ത്യയിൽ അമൃത്സർ, ന്യൂഡൽഹി എന്നിവിടങ്ങളിൽ നിന്ന് എയർഏഷ്യ എക്സ് (ഡി 7) വഴി 2 നേരിട്ടുള്ള റൂട്ടുകളും മലേഷ്യയ്ക്ക് സർവീസ് നടത്തുന്നു.

ഇന്ത്യയിൽ തങ്ങളുടെ സാന്നിധ്യം ശക്തമാക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് എയർഏഷ്യ മലേഷ്യ സിഇഒ റിയാദ് അസ്മത്ത് പറഞ്ഞു.

അടുത്ത വർഷം ഫെബ്രുവരിയിൽ പുതിയ റൂട്ട് ആരംഭിക്കുന്നതോടെ, വടക്ക് മുതൽ തെക്ക് വരെയുള്ള ഇന്ത്യയിലെ മൊത്തം 9 അതിമനോഹരമായ ലക്ഷ്യസ്ഥാനങ്ങളിൽ നിന്ന് ആഴ്ചയിൽ 71 വിമാനങ്ങളുമായി തങ്ങൾ ഉടൻ തന്നെ മലേഷ്യയിലേക്ക് നേരിട്ട് പറക്കും. കൂടുതൽ സർവീസുകൾ ഇനിയും വരാനിരിക്കുന്നുവെന്നും അദ്ദേഹം പറ്ഞ്ഞു.

# യൂറോപ്യൻ ഉന്നത വിദ്യാഭ്യാസ ഓൺലൈൻ പ്രദർശനം

**കൊച്ചി:** 21 യൂറോപ്പിൽ നിന്നുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പങ്കെടുക്കുന്ന എട്ടാമത് യൂറോപ്യൻ ഉന്നത വിദ്യാഭ്യാസ വെർചൽ പ്രദർശനം ഇഎച്ഇവിഎഫ് 2023 നവംബർ 23, 24 തീയതികളിൽ 3ഡി വെർചൽ പ്ലാറ്റ്ഫോമായ https://studyeurope.net/registerൽ നടക്കും.




ബൾഗേറിയ, സൈപ്രസ്, ചെക്ക് റിപ്പബ്ലിക്, ഡെന്മാർക്ക്, എസ്റ്റോണിയ, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, ഹംഗറി, അയർലൻഡ്, ഇറ്റലി, ലിത്വാനിയ, മാൾട്ട, നെതർലൻഡ്സ്, പോളണ്ട്, പോർച്ചുഗൽ, റൊമാനിയ, സ്ലോവാക്യ, സ്ലോവേനിയ, സ്പെയിൻ, സ്വീഡൻ എന്നിവ ഉൾപ്പെടെയുള്ള 21 യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിൽ നിന്നുള്ള 73 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പങ്കെടുക്കും. എഞ്ചിനീയറിംഗ്, നിയമം, മെഡിസിൻ, ഗണിതം, കമ്പ്യൂട്ടർ ആൻഡ് ഡാറ്റാ സയൻസ്, ബിസിനസ്, ഫിനാൻസ്, ഇക്കണോമിക്സ്, ആർക്കിടെക്ചർ, സൈക്കോളജി, തത്വശാസ്ത്രം, ഹ്യൂമനിറ്റീസ്, ഫാഷൻ, ആർട്ട്, ഡിസൈൻ, കളിനറി സ്റ്റഡീസ്, ഫിലിം സ്റ്റഡീസ് തുടങ്ങിയ വിഷയങ്ങളിലുള്ള വിവിധ കോഴ്സുകളാണ് ഈ സർവകലാശാലകൾ നടത്തുന്നത്.2024ലെ 500 ടൈംസ് ഹയർ എജ്യുക്കേഷൻ റാങ്കിംഗിൽ ഉൾപ്പെട്ടിരിക്കുന്നവയാണ് ഈ 14 യൂറോപ്യൻ സർവകലാശാലകളിൽ ലണ്ട് യൂണിവേഴ്സിറ്റി, ലിങ്കോപിംഗ് യൂണിവേഴ്സിറ്റി, ആർഹസ് യൂണിവേഴ്സിറ്റി, ഐൻഡ്ഹോവൻ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി, ഹാൻസെ യൂണിവേഴ്സിറ്റി ഓഫ് അപ്ലൈഡ് സയൻസസ് (നെതർലാൻഡ്സ്), യൂണിവേഴ്സിറ്റി കോളേജ് ഡബ്ലിൻ, ഗ്രിഫിത്ത് കോളേജ് (അയർലൻഡ്), പൊളിടെക്നിക്കോ ഡി മിലാനോ, യൂണിവേഴ്സിറ്റി ഓഫ് ട്രെന്റോ (ഇറ്റലി), ഫ്രെഡറിക് യൂണിവേഴ്സിറ്റി (സൈപ്രസ്), യൂണിവേഴ്സിറ്റി ഓഫ് ലൈബ്രറി സ്റ്റഡീസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജീസ് (ബൾഗേറിയ), യൂണിവേഴ്സിറ്റി ഓഫ് ടാർട്ടു (എസ്തോണിയ), നവാര യൂണിവേഴ്സിറ്റി (സ്പെയിൻ), കൺസ്ട്രക്ടർ യൂണിവേഴ്സിറ്റി (ജർമ്മനി) എന്നിവ ഉൾപ്പെടുന്നു.യൂറോപ്യൻ സർവകലാശാലകളുമായി നേരിട്ട് സംവദിക്കാനും മികച്ചതും താങ്ങാനാവുന്നതുമായ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും ഇഎച്ഇവിഎഫ് അവസരമൊരുക്കും. രണ്ടു ദിവസത്തെ ഫെയറിൽ വെബിനാറുകളും ലൈവ് ചാറ്റുകളും ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ നടക്കും. ചൈനയ്ക്കും ഇന്ത്യയ്ക്കും ശേഷം ലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ്വ്യവസ്ഥയും മൂന്നാമത്തെ വലിയ ജനസംഖ്യയുമുള്ള 27 രാജ്യങ്ങളാണ് ഇ യൂ ഉൾക്കൊള്ളുന്നതെന്ന് സംഘാടകർ വ്യക്തമാക്കി.

# പൗൾട്രി എക്സിബിഷൻ പൗൾട്രി ഇൻഡ്യ 2023 ഹൈദ്രാബാദിൽ ഇന്ന് മുതൽ

**കൊച്ചി:** പൗൾട്രി മേഖലയിൽ സൗത്ത് ഏഷ്യയിലെ ഏറ്റവും വലിയ എക്സിബിഷനായ പൗൾട്രി ഇൻഡ്യ 2023 ന് ഹൈദ്രാബാദിൽ ഇന്ന് തുടക്കമാകും. ഇന്ന് മുതൽ നവംബർ 24 വരെ ഹൈദ്രാബാദ് ഹൈടെക് ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലാണ് പ്രദർശനം സംഘടിപ്പിക്കുന്നതെന്ന് ഇന്ത്യൻ പൗൾട്രി എക്യുപ്മെന്റ് മാനുഫാക്ചേഴ്സ് അസോസിയേഷൻ (ഐ.പി.ഇ.എം.എ) പ്രസിഡന്റ് ഉദയ് സിംഗ് ബയാസ് പറഞ്ഞു. 2007 മുതൽ സംഘടിപ്പിച്ചുവരുന്ന പ്രദർശനം പൗൾട്രി മേഖലയിൽ അന്താരാഷ്ടനിലവാരത്തിലുള്ള ലോകത്തിലെ തന്നെ ഏറ്റവും മികച്ച പ്രദർശനമാണ്.

ഇന്ത്യയിലും വിദേശങ്ങളിലുമായി പൗൾട്രി മേഖലയിൽ പ്രവർത്തിക്കുന്ന 421 കമ്പനികൾ എക്സിബിഷനിൽ പങ്കെടുക്കും. പൗൾട്രി ബിസിനസ് മേഖലയിലെ നവീന സാങ്കേതിക വിദ്യയും നൂതന ആശയങ്ങളും ജനങ്ങളിലെത്തിക്കുക,ആരോഗ്യ പരിപാലന, പോഷകാഹാരങ്ങളിൽ പൗൾട്രി ഉൽപ്പന്നങ്ങളുടെ പ്രാധാന്യം, അറിവ് എന്നിവ സമൂഹത്തിന് പകർന്നു നൽകുകയെന്നതാണ് എക്സിബിഷൻ പ്രധാനമായും ലക്ഷ്യം വെയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എക്സിബിഷനു മുന്നോടിയായി രാജ്യത്തിനകത്തും പുറത്തു നിന്നുമുള്ള കാർഷിക മേഖലയിലെ പ്രമുഖ ശാസ്ത്രജ്ഞർ പങ്കെടുത്ത നോളഡ്ജ് ഡേ എന്ന പേരിൽ ഏകദിന സാങ്കേതിക സെമിനാറും സംഘടിപ്പിച്ചിരുന്നു.

# ആലുവയിൽ പുതിയ വിവാന്ത ഹോട്ടൽ വരുന്നു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഹോസ്പിറ്റാലിറ്റി കമ്പനിയായ ഇന്ത്യൻ ഹോട്ടൽസ് കമ്പനി (ഐഎച്ച്സിഎൽ) ആലുവയിൽ പുതിയ വിവാന്ത ഹോട്ടൽ ആരംഭിക്കുന്നു. ഐഎച്ച്സിഎൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് സുമ വെങ്കിടേഷ്, ഹോട്ടൽ പേൾ ഡ്യൂൺസ് പ്രൈവറ്റ് ലിമിറ്റഡ് എംഡി കെ.എം. അബ്ദുൾ ലത്തീഫ് എന്നിവർ ചേർന്ന് ഇത് സംബന്ധിച്ച കരാർ ഒപ്പിട്ടു.കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്ത് ആലുവയിലാണ് 95 മുറികളുള്ള പുതിയ ഹോട്ടൽ സ്ഥിതി ചെയ്യുന്നത്. ഓൾ ഡേ ഡൈനർ, ബാർ, 4,500 ചതുരശ്രയടി വിസ്തീർണമുള്ള ബാങ്കറ്റ് സ്പെയിസ്, നീന്തൽക്കുളം, ജിം, സ്പാ തുടങ്ങിയ സൗകര്യങ്ങളും ഹോട്ടലിൽ ഉണ്ടാകും.ഐഎച്ച്സിഎൽ ബ്രാൻഡായ വിവാന്ത കൊച്ചിയിൽ തുടക്കം കുറിക്കുകയാണെന്ന് ഐഎച്ച്സിഎൽ റിയൽ എസ്റ്റേറ്റ് ആൻറ് ഡവലപ്മെൻറ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് സുമ വെങ്കിടേഷ് പറഞ്ഞു. ഇത് കൊച്ചി നഗരത്തിലെ ഐഎച്ച്സിഎല്ലിൻറെ ഏഴാമത്തെ ഹോട്ടലാണ്. രണ്ടാമത്തെ ഹോട്ടലിനും ധാരണയാകുന്നതോടു കൂടി കെ.എം അബ്ദുൽ ലത്തീഫുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ സന്തുഷ്ടരാണെന്നും സുമ വെങ്കിടേഷ് പറഞ്ഞു.ഇന്ത്യയിലെ ഹോസ്പിറ്റാലിറ്റി രംഗത്തെ മുൻനിരക്കാരായ ഐഎച്ച്സിഎല്ലി നൊപ്പം ഒരിക്കൽ കൂടി പ്രവർത്തിക്കാനാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് ഹോട്ടൽ പേൾ ഡ്യൂൺസ് പ്രൈവറ്റ് ലിമിറ്റഡ് എംഡി കെ.എം. അബ്ദുൾ ലത്തീഫ് പറഞ്ഞു. ഈ ഹോട്ടൽ കൊച്ചിയിലെ അതിഥികൾക്ക് വിവാന്ത ബ്രാൻഡിൻറെ രുചി പകർന്ന് നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



പുതിയ ഹോട്ടൽ കൂടി വരുന്നതോടെ ഐഎച്ച്സിഎല്ലിന് കേരളത്തിൽ താജ്, സെലക്ഷൻസ്, വിവാന്ത, ജിഞ്ചർ എന്നീ ബ്രാൻഡുകളിലായി 18 ഹോട്ടലുകളുണ്ടാകും. പണി പൂർത്തിയായി വരുന്ന അഞ്ചെണ്ണം ഉൾപ്പെടെയാണിത്.



# ടൈകോൺ കേരള സംരംഭക സംഗമം: ഒരുക്കങ്ങൾ ആരംഭിച്ചു

**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ സംരംഭക സമ്മേളനമായ ടൈകോൺ കേരള 2023 ഡിസംബർ 15, 16 തീയതികളിൽ കൊച്ചിലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആഗോള സംഘടനയായ ദി ഇൻഡസ് എന്റർപ്രണേഴ്സിന്റെ കേരള ഘടകമായ ടൈ കേരളയുടെ പന്ത്രണ്ടാമത് സമ്മേളനമാണിത്.

ഡ്രൈവിംഗ് ദി ചേഞ്ച് അൺലോക്കിംഗ് പൊട്ടൻഷ്യൽ എന്നതാണ് സമ്മേളനത്തിന്റ പ്രമേയം. ആയിരത്തിലധികം യുവ സംരംഭകരും പ്രതിനിധികളും സമ്മേളത്തിൽ പങ്കെടുക്കും. കൃഷി, വിദ്യാഭ്യാസം, ഹെൽത്ത് ആൻഡ് വെൽനസ്, അസിസ്റ്റഡ് ലിവിംഗ്, റിസർച്ച് ആൻഡ് ഡെവലപ്മെന്റ് തുടങ്ങിയ മേഖലകളിലെ അവസരങ്ങൾ അവലോകനം ചെയ്യുന്നതാണ് സമ്മേളനം. ഈ സുപ്രധാന മേഖലകളിലെ സംരംഭക വളർച്ചയും നവീന ആശയങ്ങളും പ്രോത്സാഹിപ്പിക്കുകയാണ് ഈ വർഷത്തെ സമ്മേളനത്തിന്റെ പ്രാധാന ലക്ഷ്യമെന്ന് വാർത്താ സമ്മേളനത്തിൽ പങ്കെടുത്ത ടൈ കേരള പ്രസിഡന്റ് ദാമോദർ അവനൂർ പറഞ്ഞു.സംരംഭകർ, സ്റ്റാർട്ടപ്പുകൾ, പ്രൊഫഷണലുകൾ എന്നിവർക്ക് വിലയേറിയ മാർഗനിർദേശങ്ങൾ ഈ സമ്മേളനം നൽകും, നിക്ഷേപകർ, ഉപദേഷ്ടാക്കൾ, പുതിയ ബിസിനസ് പങ്കാളികൾ എന്നിവരുമായി ബന്ധം സ്ഥാപിക്കാനും സമ്മേളനം വഴി സാധിക്കുമെന്നും ദാമോദർ അവനൂർ പറഞ്ഞു.

അന്താരാഷ്ട്ര തലത്തിൽ സംരംഭക വ്യവസായ രംഗത്തെ നാൽപ്പലധികം പ്രഭാഷകരും , അമ്പതിലധികം പ്രമുഖ നിക്ഷേപകരും, ഫണ്ട് ഹൗസുകളും സമ്മേളനത്തിന് എത്തിച്ചേരുമെന്ന് ടൈ കേരള വൈസ് പ്രസിഡന്റും ടൈക്കോൺ 2023 ചെയറുമായ ജേക്കബ് ജോയ് പറഞ്ഞു. എംആർഎഫ് വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അരുൺ മാമ്മൻ, തമിഴ്നാട് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് ഡിജിറ്റൽ സർവീസസ് മന്ത്രി ഡോ. പളനിവേൽ ത്യാഗരാജൻ , ഒല ഇലക്ട്രിക് ഡിസൈൻ മേധാവി ശ്രീമതി കൃപ അനന്തൻ, സൈജെനോം റിസർച്ച് ഫൗണ്ടേഷൻ ട്രസ്റ്റിയും,സംരംഭകനുമായ സാം സന്തോഷ്, മുൻ ഇന്ത്യൻ അംബാസഡർ വേണു രാജാമണി, കേരള ഡിജിറ്റൽ സയൻസ്, ഇന്നൊവേഷൻആൻഡ് ടെക്നോളജി സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, നബാർഡ് ചെയർമാൻ ഷാജി കെ.വി എന്നിവർ പ്രധാന സെഷനുകൾക്ക് നേതൃത്വം നൽകും. കേരള എയ്ഞ്ചൽ നെറ്റ്വർക്ക് ഇൻവെസ്റ്റർ മീറ്റ്, ടൈ യു പ്രോഗ്രാം, ടൈ വിമൻ പ്രോഗ്രാം, ടൈ യംഗ് എന്റർപ്രണേഴ്സ് പ്രോഗ്രാം, ക്യാപിറ്റൽ കഫേ തുടങ്ങിയവ സമ്മേളനത്തിന്റെ മുഖ്യ ആകർഷണങ്ങളാണ്. സമ്മേളനത്തോടനുബന്ധിച്ച് ടൈ കേരള അവാർഡ് ദാന ചടങ്ങും നടക്കും. സംസ്ഥാനത്തെ സംരംഭകത്വ മേഖലയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ച് എട്ട് വിഭാഗങ്ങളിലായാണ് അവാർഡ്.ടൈ അവാർഡ്സ് കോ ചെയർ വിവേക് കൃഷ്ണ ഗോവിന്ദ് പറഞ്ഞു.രാജ്യാന്തര തലത്തിൽ 59 ചാപ്റ്ററുകളുള്ള ടൈ, നെറ്റ്വർക്കിംഗ്, വിദ്യാഭ്യാസം, ഇൻകുബേറ്റിംഗ്, ഫണ്ടിംഗ് തുടങ്ങിയ പ്രധാന സംരംഭക വികസന മേഖലകളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എക്സിക്യൂട്ടീവ് ഡയറക്ടർ അരുൺ നായരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# സ്കൂൾ അടൽ ടിങ്കറിംഗ് ലാബുകളിൽ കാർഷിക ആശയങ്ങൾക്ക് വിത്തുപാകി എറണാകുളം കെ.വി.കെ


**കൊച്ചി:** നീതി അയോഗിന് കീഴിൽ അടൽ ഇന്നൊവേഷൻ മിഷന്റെ ഭാഗമായി എറണാകുളം ജില്ലയിലെ 7 സ്കൂളുകളിൽ തുടങ്ങിയ അടൽ ടിങ്കറിംഗ് ലാബുകളിൽ ഇനി കാർഷിക ആശയങ്ങളും നാമ്പെടുക്കും. രാജ്യത്തെ 11 ജില്ലകളിലെ അടൽ ടിങ്കറിംഗ് ലാബുകളിൽ കാർഷിക മേഖലയിലെ നവീന ആശയങ്ങൾ വളർത്തിയെടുക്കുവാൻ വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകാൻ പരീക്ഷണാടിസ്ഥാനത്തിൽ കൃഷി വിജ്ഞാന കേന്ദ്രങ്ങളെ തിരഞ്ഞെടുത്ത കൂട്ടത്തിൽ കേരളം ഉൾക്കൊള്ളുന്ന ബെംഗളൂരു മേഖലയിൽ നിന്ന് സി എം എഫ് ആർ യുടെ എറണാകുളം കെ വി കെ യാണ് ദൗത്യം ഏൽപ്പിച്ചിരിക്കുന്നത്. സ്കൂൾ വിദ്യാർത്ഥികളിൽ ജിജ്ഞാസ, സർഗാത്മകത, ഭാവന എന്നിവ വളർത്തിയെടുത്ത് രാജ്യത്തെ ഒരു ദശലക്ഷം കുട്ടികളിൽ പുത്തൻ കണ്ടുപിടുത്തങ്ങൾ നടത്തുവാനുള്ള ത്വര സൃഷ്ടിക്കുക എന്നതാണ് അടൽ ടിങ്കറിംഗ് ലാബുകളുടെ ഉദ്ദേശലക്ഷ്യം.

ജില്ലയിൽ തൃപ്പൂണിത്തുറ ചോയ്സ്, കടയിരിപ്പ് സെൻറ് പീറ്റേഴ്സ് സീനിയർ സെക്കണ്ടറി സ്കൂൾ, കേന്ദ്രീയ വിദ്യാലയ എൻ. എ. ഡി. ആലുവ, ഗിരിനഗർ ഭവൻസ്, സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂൾ പുത്തൻപള്ളി, തേവക്കൽ വിദ്യോദയ സ്കൂൾ, സെന്റ് അഗസ്റ്റിൻ ഹയർ സെക്കണ്ടറി സ്കൂൾ കലൂർ, എന്നിവയാണ് അടൽ ടിങ്കറിംഗ് ലാബുകൾ അനുവദിച്ചിരിക്കുന്ന സ്കൂളുകൾ. ഈ സ്കൂളുകളിലെ അടൽ ടിങ്കറിംഗ് ലാബുകളിൽ പുത്തൻ ആശയങ്ങൾ വികസിപ്പിച്ചെടുക്കുന്ന വിദ്യാർത്ഥികൾക്കായി സി എം എഫ് ആർ ഐ യിൽ 21 ന് പ്രാരംഭ അവബോധന പരിപാടി നടത്തുകയുണ്ടായി. നൂറിൽ പരം കുട്ടികളും അധ്യാപകരും പങ്കെടുത്ത പരിപാടിയിൽ സി എം എഫ് ഐ ഡയറക്ടർ ഡോ . എ. ഗോപാലകൃഷ്ണൻ കുട്ടികളുമായി സംവദിക്കുകയും കെ വി കെ സാങ്കേതിക വിദഗ്ദ്ധർ കൃഷി, മൃഗ സംരക്ഷണ, ഫിഷറീസ് മേഖലകളിലെ പുത്തൻ ആശയങ്ങളുടെ സാധ്യതകൾ വിശദീകരിക്കുകയും ചെയ്തു.

പുത്തൻ തലമുറയെ കൃഷിയിലേക്കും കാർഷിക മേഘലകളിലെ നൂതന ആശയങ്ങളിലേക്കും ആകർഷിക്കുക വഴി കാർഷിക സംസ്കാരം വരും തലമുറികളിലേക്ക് കൂടി പകരാനുള്ള ചവിട്ടു പടിയായാണ് ഈ ഉദ്യമത്തെ കാണുന്നതെന്ന് കെ.വി.കെ. മേധാവി ഡോ ഷിനോജ് സുബ്രഹ്മണ്യൻ പറഞ്ഞു. കാർഷിക മേഖലയിൽ നൂതനാശയങ്ങൾ വികസിപ്പിച്ചെടുക്കുന്നതിലേക്കായി വിദ്യാർത്ഥികളും കെവികെ വിദഗ്ധരും തമ്മിലുള്ള പരസ്പരസംവാദങ്ങളും, ശില്പശാലകളും മെന്റർഷിപ്പ് പ്രോഗ്രാമുകളും മറ്റും ഇതിന് തുടർച്ചയായി നടത്തുന്നതാണ്

# കോഴിക്കോട് സൈബർപാർക്കിൽ സൈബർ കാർണിവൽ

**കോഴിക്കോട്:** മലബാറിന്റെ ഐ.ടി തലസ്ഥാനമായ കോഴിക്കോട് സൈബർപാർക്കിൽ ടെക്കികളുടെ ആഘോഷം. ഇന്നും നാളെയും സർക്കാർ സൈബർപാർക്കിലെയും യു.എൽ സൈബർപാർക്കിലെയും ജീവനക്കാർക്കായി രണ്ടു ദിവസം നീണ്ടുനിൽക്കുന്ന സൈബർ കാർണിവൽ നടക്കും. ഫ്ളീ മാർക്കറ്റ്, ഫുഡ് ഫെസ്റ്റിവൽ, കലാപരിപാടികൾ, ഡി.ജെ തുടങ്ങിയ വിവിധ പരിപാടികളോടെ നടക്കുന്ന സൈബർ കാർണിവൽ ഇന്ന് വൈകിട്ട് ആറിന് സർക്കാർ സൈബർപാർക്കിലെ സഹ്യ ഫുട്ബോൾ ഗ്രൗണ്ടിൽ തുടക്കമാകും. രാത്രി പത്തുവരെ നീളുന്ന പരിപാടിയിൽ മലബാറിലെ ഐ.ടി ജീവനക്കാരോടൊപ്പം വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുക്കും.




## ഐഡിമിത്സു ഏഷ്യ ടാലന്റ് കപ്പ് 2024

# രക്ഷിത് ദാവേ ഇന്ത്യയെ പ്രതിനിധീകരിക്കും

**കൊച്ചി:** ഐഡിമിത്സു ഏഷ്യ ടാലന്റ് കപ്പിന്റെ 2024 സീസണിൽ ഹോണ്ട റേസിങ് ഇന്ത്യയുടെ രക്ഷിത് ശ്രീഹരി ദാവേ ഇന്ത്യയെ പ്രതിനിധീകരിക്കും. മലേഷ്യയിലെ സെപാങ് സർക്യൂട്ടിൽ നടന്ന സെലക്ഷൻ റേസിലാണ് ചെന്നൈയിൽ നിന്നുള്ള 15കാരൻ ഫൈനൽ മത്സരത്തിന് തിരഞ്ഞെടുക്കപ്പെട്ടത്. 89 പേരാണ് സെലക്ഷനിൽ പങ്കെടുത്തത്.

ശ്രദ്ധേയമായ പ്രകടനവുമായി രക്ഷിത് ദാവേ ഏഷ്യഓഷ്യാന രാജ്യങ്ങളിൽ നിന്നുള്ള മറ്റു പത്ത് റൈഡർമാർക്കൊപ്പം ഐഡിമിത്സു ഏഷ്യ ടാലന്റ് കപ്പ് 2024ൽ തന്റെ സ്ഥാനം ഉറപ്പിക്കുകയായിരുന്നു. ഓസ്ട്രേലിയ, ചൈന, ചൈനീസ് തായ്പേയ്, ഇന്ത്യ, ഇന്തോനേഷ്യ, മലേഷ്യ, ഫിലിപ്പീൻസ്, തായ്ലൻഡ്, വിയറ്റ്നാം എന്നീ പത്ത് രാജ്യങ്ങളിൽ നിന്നുള്ള 20 മുഴുവൻ സമയ റൈഡർമാരാണ് ഐഎടിസിയുടെ 2024 സീസണിൽ മത്സരിക്കുന്നത്.രക്ഷിത് ദാവേ 2024 ഐഡിമിത്സു ഏഷ്യ ടാലന്റ് കപ്പിലെ മത്സരാർത്ഥികളിൽ ഒരാളാവുന്നത് ഹോണ്ട റേസിങ് ഇന്ത്യക്ക് മറ്റൊരു അഭിമാന നിമിഷമാണെന്ന് ഇതേകുറിച്ച് പ്രതികരിച്ച ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയില്സ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.

2019 മുതൽ, ഹോണ്ട റേസിങ് ഇന്ത്യയിൽ നിന്നുള്ള മൂന്ന് റൈഡർമാർ ഈ അംഗീകാരം നേടിയിട്ടുണ്ട്. രക്ഷിത് തന്റെ തീവ്രമായ കഴിവിലൂടെ ഇത് സാധ്യമാക്കിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ചെറുപ്പത്തിൽ തന്നെ ഹോണ്ട റേസിങ് അക്കാദമിക്ക് കീഴിൽ പരിശീലനം നേടിയ രക്ഷിത്, 2019ൽ സിബിആർ 150ആർ വിഭാഗത്തിലാണ് തന്റെ പ്രൊഫഷണൽ റേസിങ് കരിയര് ആരംഭിച്ചത്.

2020, 2021 വർഷങ്ങളിൽ യഥാക്രമം സെക്കൻഡ് റണ്ണർഅപ്പും ഫസ്റ്റ് റണ്ണർഅപ്പുമായി. ഈ സീസണിൽ എൻ എസ് എഫ് 250ആർ വിഭാഗത്തിലും ഫസ്റ്റ് റണ്ണർ അപ്പ് സ്ഥാനം നേടി. ഏഷ്യൻ ചാമ്പ്യൻഷിപ്പ് എന്റെ സ്വപ്നമായിരുന്നു, അത് യാഥാർഥ്യമായതിൽ ഏറെ സന്തോഷമുണ്ടെന്ന് രക്ഷിത് ദാവേ പറഞ്ഞു. ആഗോള പ്ലാറ്റ്ഫോമിൽ ഇന്ത്യൻ ടീമിനെ പ്രതിനിധീകരിക്കാൻ അവസരം നല്കിയതിന് ഹോണ്ട റേസിങ് ഇന്ത്യയോട് നന്ദി പറയുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം പി.എം. ജി.എസ്. വൈ. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ഓവർസീയർ ഒഴിവുകളിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രതിമാസ ഓണറേറിയം 20065 രൂപ. സിവിൽ ഡിപ്ലോമ, ആട്ടോകാഡ് യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. പ്രവൃത്തി പരിചയം അഭികാമ്യം. അപേക്ഷകൾ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം പത്ത് ദിവസത്തിനകം തപാൽ മുഖേന ലഭ്യമാകണം. വിലാസം: എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി..ഐ.യു. ( പി. എം.ജി.എസ്. വൈ), മൂന്നാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട് , 682030.

## ദേശീയ പ്രകൃതി ചികിത്സാദിനം ആചരിച്ചു

**കൊച്ചി:** ആറാമത് ദേശീയ പ്രകൃതി ചികിത്സാദിനം ആചരിച്ചു. നാഷണൽ ആയുഷ് മിഷൻ, ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോപ്പതി വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ നടന്ന ജില്ലാതല പരിപാടികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം ഉദ്ഘാടനം ചെയ്തു. കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രിയിൽ നടന്ന പരിപാടിയിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം ജെ ജോമി അധ്യക്ഷത വഹിച്ചു.

ജില്ലാ ആയുർവേദ ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. സി.വൈ എൽസി പ്രകൃതി ചികിത്സാദിന സന്ദേശം നൽകി. ജില്ലാ ഹോമിയോ ആശുപത്രി സൂപ്രണ്ട് ഡോ. ശ്രീവിദ്യ മുഖ്യപ്രഭാഷണം നടത്തി. ആരോഗ്യ സംരക്ഷണത്തിന് ചെറുധാന്യങ്ങളുടെ പ്രാധാന്യം എന്ന വിഷയത്തിൽ ഡോ. ടി.എൻ അനീജ ക്ലാസ് നയിച്ചു. ആരോഗ്യ സംരക്ഷണത്തിനുള്ള പ്രകൃതിഭക്ഷണങ്ങളുടെ പ്രദർശനവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.

നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ: എം.എസ്. നൗഷാദ്, ഡോ. രേഷ്മ പ്രേമദാസൻ ,ഡോ. സിജിത് ശ്രീധർ , ഡോ. ലക്ഷ്മി എൻ നായർ എന്നിവർ പ്രസംഗിച്ചു.

## സർട്ടിഫൈഡ് വെബ് ഡെവലപ്പർ കോഴ്സ്

**കൊച്ചി:** അയിലൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, എൻഐഇഎൽഐറ്റിയുടെ സർട്ടിഫൈഡ് വെബ് ഡെവലപ്പർ കോഴ്സ് ആരംഭിക്കുന്നു. 30 സീറ്റുള്ള കോഴ്സിലേക്ക് എസ് സി /എസ് ടി / ഗേൾസ് എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. ഈ കോഴ്സ് പൂർണ്ണമായും സൗജന്യവും, തൊഴിൽ സാധ്യതയുള്ളതുമാണ്. താത്പര്യമുള്ളവർ ആധാർ കാർഡിന്റെ കോപ്പി, എസ് എസ് എൽസി ബുക്കിന്റെ കോപ്പി, വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ സഹിതം കോളേജിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കുക. 8547005029, 9495069307,04923 241766.

## കരാർ നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലേക്കായി ജൂനിയർ റസിഡഢ്റുമാരെ 45000 രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കുന്നു. ഉദ്യോഗാർഥികൾ 24ന് മുമ്പായി യോഗ്യത (എംബിബിഎസ് ), വയസ്, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷ9 എന്നിവ തെളിയിക്കുന്ന ഒറിജിനൽ രേഖകൾ സഹിതം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ഹാജരാകണം. പ്രവൃത്തിപരിചയം അഭികാമ്യം.

## ജോലി ഒഴിവ്

**കൊച്ചി:** തൃശ്ശൂർ ജില്ലയിലെ ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിൽ സബ് എഡിറ്റർ തസ്തികയിൽ ഈഴവ /തിയ്യ /ബില്ലവ വിഭാഗത്തിന് സംവരണം ചെയ്ത ഒരു സ്ഥിരം ഒഴിവ് (ശമ്പളം 56500118100) നിലവിലുണ്ട്.

സംവരണ വിഭാഗത്തിന്റെ അഭാവത്തിൽ മറ്റു വിഭാഗങ്ങളെയും ഓപ്പൺ വിഭാഗത്തിനെയും പരിഗണിക്കുന്നതാണ്. ഒരു അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും 55 ശതമാനം മാർക്കോടെ ഇംഗ്ലീഷ് അല്ലെങ്കിൽ മലയാളത്തിൽ ബിരുദാനന്തര ബിരുദം, മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിൽ ബിരുദം അല്ലെങ്കിൽ ഡിപ്ലോമ, എഡിറ്റിംഗ്/പ്രൂഫ് റീഡിങ്/ഡിറ്റിപി/പേജ് ലേഔട്ട് ആ9റ് പബ്ലിക്കേഷ9 ഓഫ് ബുക്ക്സ് എന്നീ മേഖലകളിൽ മൂന്ന് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം എന്നീ യോഗ്യതകളുള്ള 1836 പ്രായപരിധിയിമുള്ള (ഇളവുകൾ അനുവദനീയം) തല്പരരായ ഉദ്യോഗാർത്ഥികൾ യോഗ്യത, തൊഴിൽ പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 02/12/2023 നു മുമ്പ് ബന്ധപ്പെട്ട പ്രൊഫഷണൽ ആ9റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ നിയമാനാധികാരിയിൽ നിന്നുമുള്ള എൻ.ഒ.സി ഹാജരാക്കേണ്ടതാണ്.



## സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ജനുവരിയിൽ തുറന്നേക്കും

**കൊല്ലം:** കുരീപ്പുഴയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സംസ്കരണത്തിനുള്ള പ്രാരംഭ നടപടികൾ കോർപറേഷൻ ആരംഭിച്ചു. ജനുവരിയിൽ ആരംഭിക്കാൻ കഴിയുമെന്നാണു കരുതുന്നത്. മേയർ പ്രസന്ന ഏണസ്റ്റിന്റെ നേതൃത്വത്തിൽ പ്ലാന്റ് സന്ദർശിച്ച് നിർമാണ പുരോഗതി വിലയിരുത്തി. സിവിൽ ജോലികൾ പൂർത്തിയാകാറായി. യന്ത്രങ്ങൾ സ്ഥാപിക്കുന്ന ജോലികൾ ആരംഭിച്ചു. 12 എംഎൽഡി സ്വീവേജ് സംസ്കരിക്കാൻ കഴിയുന്ന പ്ലാന്റ് ആണ് സ്ഥാപിക്കുന്നത്. ആദ്യഘട്ടത്തിൽ 12 വാർഡുകളിൽ നിന്നുള്ള മലിനജലം സംസ്കരിക്കാനാണു പദ്ധതി.

മാലിന്യം എത്തിക്കുന്ന ലൈനിന്റെ നിർമാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ആണ് സെപ്റ്റേജ് പ്ലാന്റിൽ എത്തിച്ചു സംസ്കരിക്കുന്നത്. മേയർക്കു പുറമേ ഡപ്യൂട്ടി മേയർ കൊല്ലം മധു, സ്ഥിരം സമിതി അധ്യക്ഷരായ എസ്.ഗീതാകുമാരി, ജി.ഉദയകുമാർ, യു.പവിത്ര, ഹണി ബെഞ്ചമിൻ, എ.കെ.സവാദ്, എസ്.സവിത ദേവി, കോർപറേഷൻ സൂപ്രണ്ടിങ് എൻജിനീയർ എ.ബീന, അഡിഷനൽ സെക്രട്ടറി എസ്.എസ്.സജി, ജല അതോറിറ്റി ഉദ്യോഗസ്ഥർ, അമൃത് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്ലാന്റ് സന്ദർശിച്ചത്.



## ആഫ്രിക്കൻ പായൽ ശല്യം രൂക്ഷം; കർഷകർ ദുരിതത്തിൽ

**കരീപ്ര:** ആഫ്രിക്കൻ പായലിന്റെ ശല്യം വർധിക്കുന്നതിനാൽ തളവൂർക്കോണം ഏലായിൽ രണ്ടാംവിള കൃഷിയിറക്കാൻ കർഷകർ ബുദ്ധിമുട്ടുന്നു. തളവൂർക്കോണം പാട്ടുപുരയ്ക്കൽ, മുരുങ്ങൂർ ഭാഗം, മാനങ്കര ഭാഗം പാട്ടുപുരയ്ക്കൽ അയർക്കാടു എന്നിവിടങ്ങളിലാണ് ആഫ്രിക്കൻ പായലിന്റെ ശല്യം കൂടുതൽ. പായൽ വാരി കളഞ്ഞു കൃഷി ചെയ്യുന്നതിനാൽ കർഷകർക്ക് ചെലവ് വർധിക്കുന്ന സ്ഥിതിയാണ്.

പായൽ വാരി കളയാതെ നെൽക്കൃഷി നടത്തിയാൽ വിളവ് കുറയുകയും കർഷകർ കൃഷിക്കു ചെലവഴിക്കുന്ന തുക പോലും തിരിച്ചു ലഭിക്കുകയും ഇല്ല. കള നശിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ കൃഷി ഉദ്യോഗസ്ഥർ കർഷകർക്കു നൽകി സഹായിക്കണമെന്നാണു കൃഷിക്കാരുടെ ആവശ്യം. കൂടാതെ ഏലാതോട് കാടു മൂടിയതിനാൽ വെള്ളം ഒഴുകാതെ പാകമായ ഒന്നാം വിള നെൽക്കൃഷി നശിച്ചിരുന്നു. തോട്ടിൽ നിന്നുള്ള വെള്ളത്തിലൂടെ ആഫ്രിക്കൻ പായൽ കൂടുതലായി ഏലായിൽ എത്തുന്നു.

ഇതിനു പരിഹാരം കാണുന്നതിനു അധികൃതർ ഇടപെടണമെന്നും തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ചു തോട് തെളിച്ചു കർഷകരെയും നാടിനെയും രക്ഷിക്കുന്നതിനു കരീപ്ര പഞ്ചായത്ത് മുന്നിട്ടിറങ്ങണമെന്നും ഏലാ സമിതി സെക്രട്ടറി ബി.ചന്ദ്രശേഖരൻപിള്ള പറഞ്ഞു.



# അമൃത് പദ്ധതിയിലൂടെ ഒറ്റപ്പാലം റെയിൽവേ സ്റ്റേഷന് പാർക്കിംഗ് കേന്ദ്രവും സ്മാർട്ടാകും

**ഒറ്റപ്പാലം:** റെയിൽവേ സ്റ്റേഷനിൽ പാർക്കിംഗ് കേന്ദ്രം സ്മാർട്ടാകുന്നു. നിലവിലുള്ള പാർക്കിംഗ് കേന്ദ്രത്തിലെ സൗകര്യങ്ങൾ വിപുലപ്പെടുത്താനും ആധുനികവൽക്കരിക്കാനുമാണ് പദ്ധതി.

സ്റ്റേഷനു മുന്നിലെ സ്ഥലത്തു കൂടി വാഹനങ്ങൾ നിർത്തിയിടാനുള്ള ക്രമീകരണങ്ങളാണ് ഒരുങ്ങുന്നത്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണിത്.

സ്റ്റേഷനു കിഴക്കുഭാഗത്തു നിലവിലെ പാർക്കിംഗ് കേന്ദ്രത്തിൽ തണൽമരങ്ങൾ ഉൾപ്പെടെ മുറിച്ചു നീക്കിയാണു നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ഇവിടെ ജീവനക്കാരുടെയും യാത്രക്കാരുടെയും വാഹനങ്ങൾ നിർത്തിയിടുന്നതിനു പ്രത്യേകം ക്രമീകരണങ്ങളുണ്ടാകും. മേൽക്കൂരയും നിർമിക്കും.

സ്റ്റേഷനു മുന്നിൽ റോഡിനോടു ചേർന്ന് ഒഴിഞ്ഞു കിടന്നിരുന്ന റെയിൽവേ ഭൂമി യന്ത്രസഹായത്തോടെ നിരപ്പാക്കുന്ന പ്രവർത്തനങ്ങളാണു പുരോഗമിക്കുന്നത്.

ഇരുകേന്ദ്രങ്ങളും സജ്ജമാകുന്നതോടെ സ്റ്റേഷനിൽ കാലങ്ങളായി നിലനിന്നിരുന്ന പാർക്കിംഗ് പ്രശ്നത്തിനു പരിഹാരമാകും. പാർക്കിംഗ് കേന്ദ്രങ്ങളിൽ ആവശ്യമായ ലൈറ്റുകളും സ്ഥാപിക്കും.

സ്റ്റേഷനിലെ പ്ലാറ്റ്ഫോമുകളിൽ മേൽക്കൂരകളുടെ വിപുലീകരണം, കൂടുതൽ ഇരിപ്പിടങ്ങൾ സ്ഥാപിക്കൽ, പ്രവേശന കവാടത്തിൻറെയും നടപ്പാതകളുടെയും നവീകരണം, വിശ്രമകേന്ദ്രങ്ങൾ, ആവശ്യമായ ഇലക്ട്രിക്കൽ ജോലികൾ, മറ്റു അടിസ്ഥാന സൗകര്യ വികസനം എന്നിവയും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്.

ആകെ 7.58 കോടി രൂപ ചെലവഴിച്ചാണു സ്റ്റേഷനിൽ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.നിലവിലെ പാർക്കിംഗ് കേന്ദ്രത്തിൽ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതു പരിഗണിച്ചു സ്റ്റേഷൻറെ കിഴക്കുഭാഗത്തു മെറ്റൽ യാർഡിനോടു ചേർന്നു വാഹനങ്ങൾ നിർത്തിയിടുന്നതിനു സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഇരുചക്ര വാഹനങ്ങൾക്കു പുറമേ കാറുകൾകൂടി നിർത്തിയിടാൻ ഇവിടെ സൗകര്യമുണ്ട്.

# തീരപ്രദേശത്തെ സ്ത്രീകളിലെ വർധിച്ചുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ പഠന വിധേയമാക്കണം: വനിതാ കമ്മിഷൻ

**കൊച്ചി:** ചെല്ലാനത്ത് സ്ത്രീകളിൽ വർധിച്ചുവരുന്ന ആരോഗ്യ പ്രശ്നങ്ങളെ മുൻനിർത്തി പഠനം ആവശ്യമാണെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. കേരളത്തിലെ തീരപ്രദേശങ്ങളിൽ വനിതാ കമ്മിഷൻ നടത്തിവരുന്ന തീരദേശ ക്യാമ്പിന്റെ ഭാഗമായി ചെല്ലാനത്തെ മത്സ്യതൊഴിലാളി കുടുംബങ്ങളിലെ രോഗബാധിതരായ സ്ത്രീകളെ വീടുകളിലെത്തി സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു വനിതാ കമ്മിഷൻ അധ്യക്ഷ.

തീരദേശ മേഖലയിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ നേരിട്ട് കണ്ടു മനസിലാക്കി പരിഹരിക്കുന്നതിനാണ് വനിതാ കമ്മിഷൻ തീരദേശ ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളത്. തീരദേശ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിക്കുകയാണ് ക്യാമ്പിലൂടെ കമ്മിഷൻ ലക്ഷ്യമിടുന്നത്.

ചെല്ലാനത്തെ സ്ത്രീകൾ ശ്വാസകോശ, ത്വക്ക് സംബന്ധമായ നിരവധി ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുണ്ട്. പ്രദേശത്തെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ടാണ് ത്വക്ക് രോഗം വർധിച്ചുവരുന്നത്. സ്ത്രീകളിൽ അർബുദം വർധിച്ചു വരുന്നതായി ജനപ്രതിനിധികൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ ആവശ്യമാണ്. കാരണം കണ്ടെത്തി സ്ത്രീകളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആരോഗ്യവകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കും.

കിടപ്പുരോഗികൾക്കും മറ്റ് അസുഖബാധിതരായ സ്ത്രീകൾക്കും സഹായമെത്തിക്കുന്നതിന് വിപുലമായ ജനകീയ കൂട്ടായ്മകൾ ചെല്ലാനത്ത് പ്രവർത്തിക്കുന്നുണ്ട്. 344 കോടി രൂപ വിനിയോഗിച്ച് സംസ്ഥാന സർക്കാർ നടപ്പാക്കിയ തീരസംരക്ഷണ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ടെട്രാപോഡ് ഭിത്തിയുടെ സംരക്ഷണത്തിൽ കടലാക്രമണ ഭീതിയിൽ നിന്നും മോചിതരായ ചെല്ലാനം നിവാസികളെ കാണാനായതിൽ ഏറെ സന്തോഷമുണ്ട്. സുനാമിക്കാലത്ത് തകർന്നു പോയ വീടുകളുടെ പുനർനിർമാണം സാധ്യമായിട്ടുണ്ടെന്നും കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

തീരദേശ ക്യാമ്പിന്റെ ഭാഗമായി ചെല്ലാനം ഗ്രാമപഞ്ചായത്തിൽ 13, 14, 16 വാർഡുകളിലെ മത്സ്യതൊഴിലാളികളുടെ കിടപ്പുരോഗികളായ സ്ത്രീകളുള്ള വീടുകളാണ് കമ്മീഷൻ സന്ദർശിച്ചത്. സംസാരിക്കാനും കേൾക്കാനും കഴിയാത്ത മകളും രണ്ട് സഹോദരിമാരും അടങ്ങുന്ന മേരിയുടെ കുടുംബത്തിന് വേണ്ട സഹായങ്ങൾ നൽകണമെന്ന് ജനപ്രതിനിധികൾക്ക് കമ്മിഷൻ നിർദേശം നൽകി. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നിർമിച്ച വീട്ടിലാണ് മേരിയും കുടുംബവും താമസിക്കുന്നത്.

ജനിച്ചു ദിവസങ്ങൾ മാത്രം പ്രായമായപ്പോൾ ഫിറ്റ്സ് വന്നു രോഗശയ്യയിലായ 16 വയസുകാരി ശില്പ മേരിയും കിഡ്നി രോഗബാധിതയായി കിടപ്പിലായ 63 വയസുള്ള ആശയും അവരുടെ സങ്കടങ്ങളും പ്രതീക്ഷകളും കമ്മിഷനുമായി പങ്കുവച്ചു. സ്ട്രോക്ക് വന്നു കിടപ്പിലായ റോസിയും ബലക്ഷയം സംഭവിച്ച് രോഗബാധിതയായ മോണിക്കയ്ക്കും (58) ആത്മവിശ്വാസം പകർന്നു നൽകിയ ശേഷമാണ് വനിത കമ്മിഷൻ മടങ്ങിയത്. ചെല്ലാനം സാമൂഹ്യ ആരോഗ്യ കേന്ദ്രം സന്ദർശിച്ച് സ്ത്രീകൾ നേരിടുന്ന രോഗങ്ങളെ കുറിച്ച് ചോദിച്ചറിയുകയും കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ വനിത കമ്മിഷൻ വിലയിരുത്തുകയും ചെയ്തു.

# ആയുർവേദ ഫാർമസിസ്റ്റ് ഒഴിവ് അഭിമുഖം 28 ന്

**കൊച്ചി:**നാഷണൽ ആയുഷ് മിഷൻ ഫാർമസിസ്റ്റ് തസ്തികയിൽ കരാർ നിയമനം നടത്തുന്നു. അഭിമുഖവും അസ്സൽ സർട്ടിഫിക്കറ്റ്കളുടെ വെരിഫിക്കേഷനും നവംബർ 28 രാവിലെ 10 ന് കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രിയിൽ നടക്കും. സർക്കാർ അംഗീകൃത ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് പാസായവർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. രണ്ട് ഒഴിവുകൾ.പ്രതിമാസ വേതനം 14700 രൂപ. പ്രായ പരിധി 40 വയസ്സ്,

താല്പര്യമുള്ളവർ ബയോഡാറ്റയും സ്വയം സാക്ഷ്യപ്പെടുത്തിയ അസ്സൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം കച്ചേരിപ്പടിയിലെ ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ്മിഷൻ ജില്ലാ ഓഫീസിൽ ഹാജരാകണം. ഫോൺ : 04842919133

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ജില്ലാ വനിത ശിശു വികസന ഓഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം ലഭ്യമാകുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ ആറ് ഉച്ചയ്ക്ക് രണ്ടുവരെ. കൂടുതൽ വിവരങ്ങൾക്ക് 0484 2952949.

# ഉപഭോക്തൃ മുഖാമുഖം പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ ചിറ്റേത്തുകര ക്ഷീര സഹകരണ സംഘത്തിന്റെ സഹകരണത്തോടെ ഉപഭോക്തൃ മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. സിവിൽ സ്റ്റേഷൻ നാഷണൽ സേവിംഗ്സ് ഹാളിൽ നടന്ന പരിപാടി ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഉദ്ഘാടനം ചെയ്തു.

വിപണിയിൽ ലഭ്യമാകുന്ന പാലിന്റെ ഗുണമേന്മ, സമ്പുഷ്ടത, മായം ചേർക്കൽ നിരോധിത നിയമം എന്നിവയെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിന്റെ ഭാഗമായാണ് മുഖാമുഖം പരിപാടി സംഘടിപ്പിച്ചത്.

പാലിന്റെ ഘടനയും പ്രാധാന്യവും എന്ന വിഷയത്തിൽ ക്ഷീരവികസന വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർ പ്രിയ ജോസഫും പാലും പാലുൽപന്നങ്ങളും ഉപഭോക്താക്കൾ അറിയേണ്ടത് എന്ന വിഷയത്തിൽ ക്ഷീരവികസന ഓഫീസർ സി എസ് രതീഷ് ബാബുവും ക്ലാസ് നയിച്ചു. പള്ളുരുത്തി

സീനിയർ ക്ഷീരവികസന ഓഫീസർ പി എസ് അരുൺ ഡയറി ക്വിസ് നടത്തി. ക്വാളിറ്റി കൺട്രോൾ യൂണിറ്റ് ലാബ് ടെക്നീഷ്യൻ ആർ മനോജ്, ലാബ് അസിസ്റ്റൻറ് എം കെ ബിന്ദു എന്നിവരുടെ നേതൃത്വത്തിൽ പാൽ പരിശോധനാ രീതികളുടെ പ്രദർശനവും വിശദീകരണവും സംഘടിപ്പിച്ചു.

ചടങ്ങിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ട്രീസ തോമസ് അധ്യക്ഷത വഹിച്ചു. ക്ഷീര വികസന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ പാർവതി കൃഷ്ണപ്രസാദ്, ഐസിഡിഎസ് പ്രോഗ്രാം ഓഫീസർ കെ ബി സൈന, ചിറ്റേത്തുകര ക്ഷീരസംഘം പ്രസിഡന്റ് എം എൻ ഗിരി, അങ്കണവാടി അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

# സമ്പൂർണ ഡിജിറ്റൽ സാക്ഷരത നിറവിൽ നഗരൂർ ഗ്രാമപഞ്ചായത്ത്

**കിളിമാനൂർ:** ബ്ലോക്ക് പഞ്ചായത്തിലെ നഗരൂർ ഗ്രാമപഞ്ചായത്തും സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേട്ടത്തിൽ. നഗരൂർ ക്രിസ്റ്റൽ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. അൻവർ സാദത്താണ് പ്രഖ്യാപനം നടത്തിയത്.

സ്മാർട്ട് ഫോൺ വഴിയുള്ള സേവനങ്ങൾ പരസഹായമില്ലാതെ ഉപയോഗിക്കാൻ എല്ലാവരേയും പ്രാപ്തരാക്കുന്നതിന് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച എല്ലാവർക്കും ഡിജിറ്റൽ സാക്ഷരത എന്ന പദ്ധതിയുടെ ഭാഗമായാണ് നഗരൂർ പഞ്ചായത്ത് ഈ നേട്ടം കൈവരിച്ചത്. കിളിമാനൂർ, നാവായിക്കുളം, പള്ളിക്കൽ, കരവാരം ഗ്രാമപഞ്ചായത്തുകളാണ് നേരത്തെ ഡിജിറ്റൽ സാക്ഷരത കൈവരിച്ചത്.

കുടുംബശ്രീ, ഇൻഫർമേഷൻ കേരള മിഷൻ, ഡിജിറ്റൽ യൂണിവേഴ്സിറ്റി, സിഡിറ്റ്, ഡി.എ.കെ.എഫ് എന്നിവരുടെ മേൽനോട്ടത്തിലും പങ്കാളിത്തത്തിലുമാണ് പദ്ധതി നടപ്പാക്കിയത്. നഗരൂർ പഞ്ചായത്തിൽ 3,689 പഠിതാക്കളെയാണ് കുടുംബശ്രീ സർവേയിലൂടെ തെരഞ്ഞെടുത്തത്. ഇതിൽ 3,601 പേർ ഡിജിറ്റൽ സാക്ഷരത കൈവരിച്ചു.

ചടങ്ങിൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.പി മുരളി അധ്യക്ഷനായിരുന്നു. നഗരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡി. സ്മിത, ബ്ലോക്ക് ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കിളിമാനൂർ ബ്ലോക്ക് ഡിജിറ്റൽ സാക്ഷരത കോഓർഡിനേറ്റർ കെ.ജി ബിജു എന്നിവരും പങ്കെടുത്തു.

# ബംഗാൾ കടുവ ഏഷ്യൻ കടുവകളെ മറികടക്കും: അംബാനി



**കൊൽക്കൊത്ത:** ബംഗാൾ മാത്രം സമീപ ഭാവിയിൽ ഒരു ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥയായി മാറുമെന്ന് മുകേഷ് ഡി. അംബാനി. ഏഴാമത് ബംഗാൾ ഗ്ലോബൽ ബിസിനസ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു റിലയൻസ് ഇൻഡസ്ട്രീസ് മേധാവി.

ബംഗാളിൻറെ വളർച്ച ഇന്ത്യക്കാതെ ശുഭസൂചനയാണ്. 2030ഓടെ 10 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള കുതിപ്പിലാണ് ഇന്ത്യ. ഇത് ഇന്ത്യയെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

സമൃദ്ധമായ ബംഗാൾ വീണ്ടും തെക്കിഴക്കൻ, വിദൂരകിഴക്കൻ ഏഷ്യയിലേക്കുള്ള ഇന്ത്യയുടെ കവാടമായി മാറും. സിംഗപ്പൂർ, കൊറിയ, തായ്‌വാൻ തുടങ്ങിയ രാജ്യങ്ങൾ അവരുടെ വളർച്ചാ സമ്പദ്‌വ്യവസ്ഥയുടെ കാര്യത്തിൽ ഏഷ്യൻ കടുവകളായി കണക്കാക്കപ്പെടുന്നു. എന്നാൽ ബംഗാൾ ഇപ്പോൾ വളരെ ചടുലവുമാണ്, നിർഭയരായ റോയൽ ബംഗാൾ കടുവ ഒരിക്കൽ എല്ലാ ഏഷ്യൻ കടുവകളെയും മറികടക്കുമെന്നും അംബാനി പറഞ്ഞു.

നിലവിൽ 45,000 കോടി രൂപയാണ് പശ്ചിമ ബംഗാളിൽ റിലയൻസ് നിക്ഷേപിച്ചിട്ടുള്ളത്. അടുത്ത മൂന്ന് വർഷങ്ങളിലായി 20,000 കോടി രൂപയുടെ നിക്ഷേപം കൂടി നടത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മദർ തെരേസ സ്കോളർഷിപ്പ്: 31 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളിൽ നഴ്സിംഗ് ഡിപ്ലോമ, സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് മദർ തെരേസ സ്കോളർഷിപ്പ് സ്കോളർഷിപ്പ് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 30 വരെ ദീർഘിപ്പിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും) ,സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 15,000/രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്. ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളിൽ നഴ്സിംഗ് ഡിപ്ലോമ (ജനറൽ നേഴ്സിംഗ്), പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. സ്റ്റേറ്റ് മെറിറ്റ് ക്വാട്ടയിലാണ് പ്രവേശനം നേടിയതെന്നു തെളിയിക്കുന്നതിന് അലോട്ട്മെന്റ് മെമ്മോ ഹാജരാക്കണം.

യോഗ്യതാ പരീക്ഷയിൽ 45% മാർക്കോ അതിലധികം മാർക്കോ നേടിയിരിക്കണം.ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗങ്ങളിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ. വിഭാഗത്തെയും പരിഗണിക്കും. കോഴ്സ് ആരംഭിച്ചവർക്കും/രണ്ടാം വർഷം പഠിക്കുന്നവർക്കും സ്കോളർഷിപ്പിനായി അപേക്ഷിക്കാം.

sc-holarship.minortiywelfare.kerala.gov.in എന്നലിങ്കിൽ നേരിട്ടോ അല്ലെങ്കിൽ www.minortiywelfare.kerala.gov.in എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 30. കൂടുതൽ വിവരങ്ങൾക്ക് : 0471 2300524, 0471 2300523.



# സ്വർണം വാങ്ങിക്കൂട്ടി ഇന്ത്യ

**കൊച്ചി:** ഉത്സവകാലത്തിനു മുന്നോടിയായി ഒക്റ്റോബറിൽ ഇന്ത്യ ഇറക്കുമതി ചെയ്തത് 123 ടൺ സ്വർണം. കഴിഞ്ഞ 31 മാസത്തിനിടയിലെ ഏറ്റവും വലിയ ഇറക്കുമതിയാണിത്. ദീപാവലി, നവരാത്രി, ദസറ ആഘോഷങ്ങളോടനുബന്ധിച്ച് ആഭരണങ്ങൾക്ക് ഡിമാൻഡ് ഏറിയതാണ് സ്വർണ ഇറക്കുമതി കൂടാൻ വഴിയൊരുക്കിയത്. 2022ലെ ഒക്റ്റോബറിൽ 77 ടണ്ണായിരുന്നു ഇറക്കുമതി, 60 ശതമാനമാണ് കഴിഞ്ഞമാസത്തെ വർധന.

കഴിഞ്ഞ പത്ത് വർഷമെടുത്താൽ ഓരോ വർഷവും ഒക്റ്റോബറിലെ ശരാശരി സ്വർണ ഇറക്കുമതി 66 ടണ്ണായിരുന്നു. ഈ ട്രെൻഡ് മറികടന്നുള്ള ഇറക്കുമതി കുതിപ്പാണ് കഴിഞ്ഞമാസം കണ്ടത്. 2022 ഒക്റ്റോബറിലെ സ്വർണ ഇറക്കുമതിച്ചെലവ് 370 കോടി ഡോളറായിരുന്നു (ഏകദേശം 31,000 കോടി രൂപ). ഈ വർഷം ഒക്റ്റോബറിൽ സ്വർണം ഇറക്കുമതിക്കായി ഇന്ത്യ ചെലവിട്ടതാകട്ടെ 723 കോടി ഡോളറാണ് (60,000 കോടി രൂപ), അതായത് ഇരട്ടിയോളം തുക. ലോകത്തെ രണ്ടാമത്തെ വലിയ സ്വർണ ഉപയോഗ രാജ്യമാണ് ഇന്ത്യ. രാജ്യാന്തര സ്വർണ വ്യാപാരം നടക്കുന്നത് ഡോളറിലാണ്. സ്വർണം വാങ്ങാൻ വൻതോതിൽ ഡോളർ ചെലവഴിക്കുന്നത് വ്യാപാര, കറൻറ് അക്കൗണ്ട് കമ്മികൾ കൂടാനിടയാക്കും. സ്വർണം വാങ്ങാനായി ഡോളറിൻറെ ആവശ്യകത കൂടുന്നത് രൂപയുടെ മൂല്യം കുറയാനും ഇടവരുത്തും. കമ്മികൾ കൂടുന്നതും രൂപ ദുർബലമാകുന്നതും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കും ആഘാതം സൃഷ്ടിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com